8802
21/7/15

കേരള സർക്കാർ

National Games
KERALA 2015

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - വനം വകുപ്പിലെ താൽക്കാലിക വാച്ചറായ ശ്രീ.സേവ്യർ ആന്റണിയുടെ താൽക്കാലിക നിയമനം സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിര നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

ജി.ഒ.(എം.എസ്.) നം.52/2015/വനം തീയതി, തിരുവനന്തപുരം, 17/07/2015

---

പരാമർശം: 1. തൃശ്ശൂർ ജില്ലാകളക്ടറുടെ 29/05/2014-ലെ കെ1-45744/2013 (1) നം.കത്ത്.

2. ഭരണവിഭാഗം മുഖ്യവനപാലകന്റെ 28/11/2014 തീയതിയിലെ ഇ 6-27616/14 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ശ്രീ. സേവ്യർ ആന്റണി എന്നയാൾ പരിസ്ഥിതി വന്യജീവി സംരക്ഷണത്തിന് വേണ്ടി നിസ്വാർത്ഥമായി പ്രവർത്തിച്ചുവരുന്ന വ്യക്തിയാണെന്നും, ജനവാസ കേന്ദ്രങ്ങളിൽ എത്തിപ്പെടുന്ന അപകടകാരികളും പൊതുജനങ്ങൾക്ക് ഉപദ്രവം ഉണ്ടാക്കുന്ന രാജവെമ്പാല, അണലി, മൂർഖൻ, വെള്ളിക്കെട്ടൻ തുടങ്ങിയ പാമ്പുകളെയും, പുലി, കുരങ്ങ് തുടങ്ങിയ വന്യജീവികളെയും സുരക്ഷിതമായി പിടികൂടി വനത്തിൽകൊണ്ടുപോയി വിടുന്നതിനായി കഴിഞ്ഞ 6 വർഷമായി വനം, പോലീസ് വകുപ്പിലുള്ള ഉദ്യോഗസ്ഥരെ സഹായിച്ചുവരുന്നുണ്ടെന്നും കൂടാതെ ശ്രീ.സേവ്യർ ആന്റണി പത്ര, ദൃശ്യ മാധ്യമങ്ങളിലൂടെയും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, പൊതു ജനങ്ങളുടെ ഇടയിലും പരിസ്ഥിതി വന്യജീവി സംരക്ഷണത്തെക്കുറിച്ച് ബോധവൽക്കരണം നടത്തിവരുന്നുണ്ടെന്നും നിലവിൽ തൃശ്ശൂർ ജില്ലയിലെ പീച്ചി വന്യജീവി സങ്കേതം ഡിവിഷനിൽ, ചിമ്മിനി വന്യജീവി സങ്കേതത്തിൽ താൽക്കാലിക ഫോറസ്റ്റ് വാച്ചറായി സേവനം അനുഷ്ഠിച്ചുവരുന്ന ടിയാനെ വനം വകുപ്പിൽ തന്നെ ഫോറസ്റ്റ് വാച്ചറായി നിലനിർത്തുകയാണെങ്കിൽ അത് പൊതു സമൂഹത്തിനും വനം വകുപ്പിനും വളരെയധികം പ്രയോജനകരമായിരിക്കും എന്ന് തൃശ്ശൂർ ജില്ലാ കളക്ടർ പരാമർശം 1 പ്രകാരം ശുപാർശ ചെയ്യുകയും ടി ശുപാർശ അംഗീകരിക്കാവുന്നതാണെന്ന് ഭരണവിഭാഗം മുഖ്യവനപാലകൻ പരാമർശം 2 പ്രകാരം റിപ്പോർട്ടു ചെയ്യുകയും ചെയ്തു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ. സേവ്യർ ആന്റണി പരിസ്ഥിതി വന്യജീവി സംരക്ഷണത്തിന് വേണ്ടി നിസ്വാർത്ഥമായി പ്രവർത്തിച്ചുവരുന്ന വ്യക്തിയായതിനാലും, ജനവാസ കേന്ദ്രങ്ങളിൽ എത്തിപ്പെടുന്ന അപകടകാരികളും, പൊതുജനങ്ങൾക്ക് ഉപദ്രവം ഉണ്ടാകുന്ന രാജവെമ്പാല, അണലി, മൂർഖൻ, വെള്ളിക്കെട്ടൻ തുടങ്ങിയ പാമ്പുകളെയും, പുലി, കുരങ്ങ് തുടങ്ങിയ വന്യജീവികളെയും സുരക്ഷിതമായി പിടികൂടി വനത്തിൽകൊണ്ടുപോയി വിടുന്നതിനായി കഴിഞ്ഞ 6 വർഷമായി വനം, പോലീസ് വകുപ്പിലുള്ള ഉദ്യോഗസ്ഥരെ നിസ്വാർത്ഥമായി സഹായിച്ചുവരുന്നതു കൊണ്ടും ടിയാൻ പത്ര, ദൃശ്യ മാധ്യമങ്ങളിലൂടെയും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, പൊതു ജനങ്ങളുടെ ഇടയിലും പരിസ്ഥിതി വന്യജീവി സംരക്ഷണത്തെക്കുറിച്ചും ബോധവൽക്കരണം നടത്തിവരുന്നതു കൊണ്ടും കൂടാതെ ടിയാന്റെ കുടുംബത്തിന്റെ ദയനീയ സാഹചര്യവും കണക്കിലെടുത്തും ഇതൊരു പ്രത്യേകകേസായി പരിഗണിച്ച് KS&SSR ഭാഗം II ചട്ടം 39-ലെ വ്യവസ്ഥകൾ പ്രകാരം നിലവിലുള്ള ചട്ടങ്ങളിൽ ഇളവു നൽകി ശ്രീ സേവ്യർ ആന്റണിയെ വനം വകുപ്പിൽ വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ഉത്തരവു തീയതി മുതൽ സ്ഥിരനിയമനം നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**പി. മാരപാണ്ഡ്യൻ**
**പ്രിൻസിപ്പൽ സെക്രട്ടറി**

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം
ജില്ലാകളക്ടർ, തൃശ്ശൂർ
ശ്രീ.സേവ്യർ ആന്റണി. (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.എസി)വകുപ്പ് (08/07/2015-ലെ ഇതേ നമ്പർ 7025 പ്രകാരം)
വെബ് / ന്യൂ മീഡിയ
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (2818/എ 3/14/ഉഭപവ തീയതി 9/03/2015) പ്രകാരം
ധനകാര്യ വകുപ്പ് (54798/അഗ്രി.എ 2/15/ധനം തീയതി 16/07/2015) പ്രകാരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ